## പ്രസിദ്ധീകരണത്തിന്

## ബിരുദ/ ബിരുദാനന്തര ബിരുദ ക്ലാസുകൾ

കണ്ണൂർ സർവകലാശാല അഫിലിയേറ്റഡ് കോളേജുകൾ/ പഠന വകുപ്പുകൾ / സെന്ററുകളിലെ 2021-22 അധ്യയന വർഷത്തെ ബിരുദ/ ബിരുദാനന്തര ബിരുദ ക്ലാസുകൾ പൂർണമായും ഓഫ് ലൈൻ രീതിയിൽ (ക്ലാസ്സ് റൂം പഠനം) കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് 2021 ഒക്ടോബർ 25 ന് ആരംഭിക്കുന്നതായിരിക്കും. ഇതിനകം ക്ലാസ്സുകൾ ആരംഭിച്ച അവസാന വർഷ ബിരുദ/ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് ഒക്ടോബർ 20 മുതൽ 23 വരെ ക്ലാസ്സുകൾ ഉണ്ടായിരിക്കുന്നതല്ല.

## എം.എസ്.സി. സ്റ്റാറ്റിസ്റ്റിക്സ് - സീറ്റുകൾ

കണ്ണൂർ സർവകലാശാല മാങ്ങാട്ടുപറമ്പ ക്യാമ്പസ്സിലുള്ള സ്റ്റാറ്റിസ്റ്റിക്കൽ സയൻസസ് പഠന വകുപ്പിലെ ഒന്നാം സെമസ്റ്റർ എം.എസ്.സി. സ്റ്റാറ്റിസ്റ്റിക്സ് കോഴ്സിലേക്ക് എസ്.സി. (2 ഒഴിവുകൾ), എസ്.ടി. (1 ഒഴിവ്) വിഭാഗത്തിലെ വിദ്യാർത്ഥികൾക്കായി സംവരണം ചെയ്തിട്ടുള്ള സീറ്റുകൾ ഒഴിവുണ്ട്. യോഗ്യരായ വിദ്യാർഥികൾ ബന്ധപ്പെട്ട രേഖകൾ സഹിതം 25.10.2021 ന് രാവിലെ 10.30ന് മാങ്ങാട്ടുപറമ്പ ക്യാമ്പസ്സിലുള്ള സ്റ്റാറ്റിസ്റ്റിക്കൽ സയൻസസ് പഠന വകുപ്പിൽ ഹാജരാകേണ്ടതാണ്.

### കണ്ണൂർ സർവ്വകലാശാല അക്കാദമിക് കൗൺസിൽ യോഗം

കണ്ണൂർ സർവ്വകലാശാല 22 മത് അക്കാദമിക് കൗൺസിൽ യോഗം 20-10-2021ന് വൈസ് ചാൻസിലർ പ്രൊഫ. ഗോപിനാഥ് രവീന്ദ്രൻറെ അധ്യക്ഷതയിൽ ഓൺലൈനായി നടന്നു. മറ്റു സർവകലാശാല ബിരുദങ്ങളുടെ തുല്യത അംഗീകരിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ അംഗീകരിച്ചു. ഫിസിക്കൽ എജ്യൂക്കേഷൻ ഡയറക്ടർ ഡോ. കെ.പി മനോജിന് റിസർച്ച് ഗൈഡ്ഷിപ്പ് നൽകുന്ന കാര്യം പരിഗണിക്കും. യു.ജി.സി. വിഭാവനം ചെയ്യുന്ന ബ്ലെണ്ടെഡ് ലേണിംഗ് സംബന്ധിച്ച് കണ്ണൂർ സർവ്വകലാശാല ചർച്ച സംഘടിപ്പിക്കും. ഡോ.ശ്രീജ.പി, ഡോ.ദീപ കെ, ഡോ.അയന എൻ, ശ്രീ.രഘുനാഥ് പി, ഡോ.ഗിരീഷ് വി, ഡോ.മോഹനൻ എ, ശ്രി.ശശി സി.ടി, ശ്രീ.സജിത് കുമാർ പി, ഡോ. ശ്രീധര എൻ, ശ്രീമതി.സെമീനാബി കെ. കെ, ഡോ.ഷാനവാസ് പി. എച്. ഡോ. ജിതേഷ് കെ, ഡോ. ബേബി പുഷ്പലത, ശ്രീ. എൻ.സി.ബിജു, ഡോ.അജിത

വി, ഡോ. പി. പി. ഷാജു, ഡോ. സ്വരൺ പി.ആർ. എന്നിവർ വിവിധ പ്രമേയങ്ങൾ അവതരിപ്പിച്ചു. യോഗത്തിൽ പ്രോ-വൈസ് ചാൻസലർ ഡോ.സാബു അബ്ദുൽ ഹമീദ്, രജിസ്ട്രാർ (ഇൻ-ചാർജ്) ഡോ. അനിൽ ആർ എന്നിവരും പങ്കെടുത്തു. ചർച്ചകൾക്ക് സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. എ.അശോകൻ, പ്രമോദ് കുമാർ കെ.വി, ഡോ. ടി.പി. അഷറഫ്, ഡോ. കെ.എം.ചന്ദ്രമോഹൻ, ഡോ. പ്രസാദൻ പി. കെ എന്നിവർ മറുപടി നൽകി.

## <u>യു. ജി അഞ്ചാം ഘട്ട അലോട്ട്മെന്റ് നിർദ്ദേശങ്ങൾ</u>

2021 - 22 അധ്യയന വർഷത്തെ ബിരുദ പ്രവേശനത്തിനുള്ള അഞ്ചാം ഘട്ട അലോട്ട്മെന്റ് **http://www.admission.kannuruniversity.ac.in/** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. അപേക്ഷകർ ആപ്ലിക്കേഷൻ നമ്പറും പാസ്‌വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് തങ്ങളുടെ അലോട്ട്മെന്റ് പരിശോധിക്കേണ്ടതും അഞ്ചാം അലോട്ട്മെന്റിൽ ആദ്യമായി (First time) അലോട്ട്മെന്റ് ലഭിച്ചവർ 2021 ഒക്ടോബർ 21 ന് അകം SBI e-pay വഴി അഡ്മിഷന് ഫീസ് നിർബന്ധമായും അടക്കേണ്ടതുമാണ്. മറ്റു രീതികളില് ഫീസ് അടച്ചാല് ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. **ഫീസ് അടക്കാത്തവർക്ക്, ലഭിച്ച അലോട്ട്മെന്റ് നഷ്ടമാകുകയും തുടർന്നുള്ള അലോട്ട്മെന്റ് പ്രക്രിയയിൽ നിന്ന് പുറത്താവുകയും ചെയ്യും**. അഡ്മിഷൻ ഫീസ് ജനറൽ വിഭാഗത്തിന് 830/- രൂപയും SC/ST വിഭാഗത്തിന് 770/- രൂപയുമാണ്. ഒന്ന്,രണ്ട്,മൂന്ന്,നാല് അലോട്ട്മെന്റുകളിൽ അലോട്ട്മെന്റ് ലഭിച്ച്, ഫീസ് അടച്ച വിദ്യാർത്ഥികൾ വീണ്ടും ഹയർ ഓപ്ഷൻ ലഭിച്ചാൽ ഫീസ് അടക്കേണ്ടതില്ല. അലോട്ട്മെന്റ് ലഭിച്ചവർ Pay Fees ബട്ടണില് ക്ലിക്ക് ചെയ്താണ് ഫീസടയ്ക്കേണ്ടത്. ഫീസടച്ചവർ ലോഗിന് ചെയ്ത് അഡ്മിഷന് ഫീസ് വിവരങ്ങള് അവരുടെ പ്രൊഫൈലില് വന്നിട്ടുണ്ടോ എന്ന് ഉറപ്പു വരുത്തേണ്ടതാണ്. **അഡ്മിഷൻ ഫീസ് E PAY** വഴി **ഒടുക്കാത്ത അപേക്ഷകരുടെ അലോട്ട്മെന്റ് റദ്ദാക്കുന്നതാണ്.**

## <u>കോളേജ് പ്രവേശനം</u>

ഒന്ന്,രണ്ട്,മൂന്ന്, നാല് അലോട്ട്മെന്റുകളിൽ താത്കാലിക പ്രവേശനം നേടിയവര് അഞ്ചാം അലോട്ട്മെന്റിൽ ഹയര് ഓപ്ഷന് ലഭിച്ചാല് നിലവില് അഡ്മിഷന് ലഭിച്ച കോളേജില് നിന്നും സര്ട്ടിഫിക്കറ്റുകള് തിരിച്ചു വാങ്ങി പുതുതായി അലോട്ട്മെന്റ് ലഭിച്ച കോളേജില് മുഴുവന് ഫീസുകളും അടച്ച് പ്രവേശനം നേടേണ്ടതാണ്. അഞ്ചാം അലോട്ട്മെന്റിൽ അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ **2021 ഒക്ടോബർ 22,23,25 തീയതികളിലായി** അലോട്ട്മെന്റ് ലഭിച്ച **കോളേജുകളിൽ പ്രവേശനത്തിന് ഹാജരാകേണ്ടതാണ്.** അഞ്ചാം അലോട്ട്മെന്റുമുതൽ പ്രവേശനം നേടുന്നവർ സ്ഥിര പ്രവേശനമാണ് നേടേണ്ടത്. ഇതു വരെ താത്കാലിക പ്രവേശനം നേടിയ എല്ലാ വിദ്യാര്ത്ഥികളും ഹയര് ഓപ്ഷന് ലഭിച്ചില്ലെങ്കില് മുഴുവന് ഫീസുകളും അടച്ച് അതാതു കോളേജുകളിൽ സ്ഥിര പ്രവേശനം നേടേണ്ടതാണ്. **സ്ഥിര പ്രവേശനം നേടിയവര് ആവശ്യമില്ലെങ്കില് ഹയര് ഓപ്ഷന്സ് കാന്സല് ചെയ്യേണ്ടതാണ്.**ഏതെങ്കിലും കാരണത്താൽ നിശ്ചിത

തീയതിയിൽ അഡ്മിഷൻ എടുക്കാൻ സാധിക്കാത്തവർ, അതാത് കോളേജ് പ്രിൻസിപ്പാളുമായി ബന്ധപ്പെടേണ്ടതാണ്. അഡ്മിഷൻ ലഭിക്കുന്നതിനായി ഹാജരാക്കുന്നതിനുള്ള അലോട്ട്മെന്റ് മെമ്മോ വെബ്സൈറ്റിൽ നിന്നും ലഭ്യമാകുന്നതാണ്. അലോട്ട്മെന്റ് മെമ്മോയോടൊപ്പം താഴെക്കൊടുത്തിരിക്കുന്ന രേഖകളും പ്രവേശന സമയത്ത് അതാത് കോളേജുകളിൽ ഹാജരാക്കേണ്ടതാണ്.

1 . ഓൺലൈൻ അപേക്ഷയുടെ പ്രിന്റ് ഔട്ട്, അലോട്മെന്റ് മെമ്മോ
2.രജിസ്ട്രേഷൻ ഫീസ്, സർവകലാശാല അഡ്മിഷൻ ഫീസ് എന്നിവ ഓൺലൈനായി അടച്ച രസീതിന്റെ പ്രിന്റ് ഔട്ട്
3. യോഗ്യതാ പരീക്ഷയുടെ അസൽ മാർക്ക് ലിസ്റ്റ്
4. ജനനതീയതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്
5. വിടുതൽ സർട്ടിഫിക്കറ്റ്
6. കോഴ്സ് & കോണ്ടക്റ്റ് സർട്ടിഫിക്കറ്റ്
7. അസ്സൽ കമ്മ്യൂണിറ്റി/Caste സർട്ടിഫിക്കറ്റ് (SC/ST വിഭാഗങ്ങൾക്ക്), EWS വിഭാഗമാണെങ്കിൽ തെളിയിക്കുന്ന സർട്ടിഫിക്കറ്റ്
8. അസ്സൽ നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് ( SEBC വിഭാഗങ്ങൾക്ക്)
9. ഗ്രേസ് മാർക്ക് ലഭിക്കുന്നതിനാവശ്യമായ അസ്സൽ സർട്ടിഫിക്കേറ്റ്
10. HSE,VHSE,THSE,CBSC,CISCE,NIOS,കേരള പ്ലസ് ടു തുല്യത പരീക്ഷ എന്നിവ ഒഴികെ മറ്റു ബോർഡുകളിൽ നിന്നും യോഗ്യത പരീക്ഷ പാസായവർ കണ്ണൂർ സർവകലാശാലയുടെ Recognition Certificate ഹാജരാക്കേണ്ടതാണ്
11.നേറ്റിവിറ്റി തെളിയിക്കുന്നതിനാവശ്യമായ ഏതെങ്കിലും രേഖ.
12.അപേക്ഷയിൽ കൊടുത്തിരിക്കുന്ന മറ്റ് ആനുകൂല്യങ്ങൾ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്

## ഫീസടച്ച വിവരങ്ങൾ അടങ്ങിയ പ്രിന്റ് ഔട്ട്

ഓൺലൈൻ രജിസ്റ്റർ ചെയ്ത എല്ലാ വിദ്യാർത്ഥികളും ഫീസടച്ചതിന്റെ വിവരങ്ങൾ അടങ്ങിയ പ്രിന്റ് ഔട്ട് കൈവശം സൂക്ഷിക്കേണ്ടതും അഡ്മിഷൻ സമയത്ത് നിർബന്ധമായും കോളേജിൽ ഹാജരാക്കേണ്ടതുമാണ്.

## കമ്മ്യൂണിറ്റി ക്വാട്ടാ റാങ്ക് ലിസ്റ്റ്

UG കമ്മ്യൂണിറ്റി ക്വാട്ടയിലേക്ക് അപേക്ഷിച്ചവരുടെ റാങ്ക് ലിസ്റ്റ് 21.10.2021 ന് കോളേജുകളില് പ്രസിദ്ധീകരിക്കുന്നതാണ്. അപേക്ഷകർക്ക് അതാതു കോളേജുമായി ബന്ധപ്പെടാവുന്നതാണ്

കൂടുതല് വിവരങ്ങള് ക്ക് **www.admission.kannuruniversity.ac.in** എന്ന വെബ് സൈറ്റ് സന്ദര്ശിക്കുക.
ഹെൽപ്പ് ലൈൻ നമ്പറുകൾ : 0497-2715261, 7356948230. e-mail id: ugsws@kannuruniv.ac.in

## LLM കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു

സർവകലാശാല മഞ്ചേശ്വരം ക്യാമ്പസ്, നിയമ പഠന വിഭാഗത്തിൽ 2021-22 വർഷം ആരംഭിക്കുന്ന LLM Course with specialization in Criminal Law & Criminal Justice കോഴ്സിലേക്കുള്ള

അപേക്ഷ ക്ഷണിച്ചു. അപേക്ഷാ ഫോറം സർവകലാശാല വെബ് സൈറ്റിൽ ലഭിക്കും. ഡൗൺലോഡ് ചെയ്ത അപേക്ഷകൾ പൂരിപ്പിച്ചു ആവിശ്യമായ രേഖകൾ സഹിതം തലശ്ശേരി, പാലയാട് , സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ് ,നിയമ പഠന വകുപ്പ് മേധാവിക്കു മുമ്പാകെ 2021 ഒക്ടോബർ 28 തീയതി വരെ സമർപ്പിക്കാവുന്നതാണ്. ഇതു സംബന്ധിച്ച വിശദ വിവരങ്ങൾ സർവകലാശാലയുടെ വെബ് സൈറ്റിൽ ലഭ്യമാണ് .(www .kannuruniversity .ac .in ) Ph -0490 -2345210

## നാലാം സെമസ്റ്റർ ബിരുദ പരീക്ഷ- ടൈം ടേബിൾ

**02.11.2021** ന് ആരംഭിക്കുന്ന **നാലാം സെമസ്റ്റർ ബിരുദ** പരീക്ഷകളുടെ (**ഏപ്രിൽ 2021** )ടൈം ടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.